നം-ഐസി5-5675/17.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി-8/3/2019.

# നോട്ടീസ്.

വിഷയം- ജലസേചനം-ജീവനക്കാര്യം-ജലസേചനവകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർനിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10%-ൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായുള്ള അന്തിമ മുൻഗണനാ പട്ടികയിൽ.ടി.തസ്തികയയ്ക്കാവശ്യമായ യോഗ്യത നേടിയ ജീവനക്കാരുടെ പേർ ഉൾപ്പെടുത്തുന്നത്-സംബന്ധിച്ച്.

സൂചന- 12/12/18-ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നോട്ടീസ്.

ജലസേചന വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10% -ൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായി ഈ കാര്യാലയത്തിലെ 18/7/16-ലെ ഐസി5-37017/15-ാം നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന അന്തിമ മുൻഗണനാ പട്ടികയിൽ, ടി.തസ്തികയാക്കാവശ്യമായ യോഗ്യത നേടിയ ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ 5 ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനായി നോട്ടീസ് സൂചനപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആക്ഷേപമുള്ളവർക്ക് അപ്പീൽ സമർപ്പിക്കുവാൻ സമയവും അനുവദിച്ചിരുന്നു. അതിൻപ്രകാരം മേൽപറഞ്ഞഅന്തിമ മുൻഗണനാ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി,നെയ്യാറ്റിൻകര ചാനൽ സബ്ഡിവിഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. എസ്.പ്രമീള, പള്ളിച്ചൽ ചാനൽ സെക്ഷനിലെ ലസ്കർ ശ്രീ. എസ്. ബിനുകുമാർ, ഈ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ബി.ശ്രീജ, കണ്ണൂർഎം.ഐ.ഡിവിഷനിലെ ഓഫീസ് അറ്റഡന്റ്, ശ്രീ. ഡിക്സൺ ജോർജ്ജ്, കോട്ടയം കെ.ഡി.ഡിവിഷനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജി.വിപിൻ എന്നിവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം ടിയാളുകൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി. എസ്.പ്രമീളയെ 19ബി, ശ്രീ.എസ്.ബിനുകുമാറിനെ 26എ, ശ്രീമതി. ബി.ശ്രീജ, ശ്രീ.ഡികസൺജോർജ്ജ്, ശ്രീ.ജി.വിപിൻ എന്നിവരെ മേൽപറഞ്ഞ മുൻഗണനാ പട്ടികയിൽ അവസാന ക്രമ നമ്പറിൽ ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.ശ്രീവിദ്യ.വി.എസ്.ഓഫീസ് അറ്റൻഡന്റിന്റെ പേരിനു താഴെ യഥാക്രമം 36, 37, 38 എന്നീ ക്രമ നമ്പറുകളിലുമായി ഉൾപ്പെടുത്താവുന്നതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടിയാളുകളെ ഇപ്രകാരം ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ളവർ ആവശ്യമായ രേഖകൾ സഹിതം പരാതികൾ, നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ഉചിതമാർഗ്ഗേണ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയക്കുള്ളിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലായെങ്കിൽ മേൽപറഞ്ഞ പ്രകാരം ടിയാളുകളുടെ പേര് അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഐ.റ്റി.സെൽ,വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.